ഹാൻടെക്സ്-ആഭ്യന്തര പ്രശ്നങ്ങൾ

320 (660) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാൻടെക്സിന്റെ ബൈലോയിൽ സർക്കാർ ഉദ്യോഗസ്ഥനെ മാനേജിംഗ് ഡയറക്ടറായി നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; എന്നാൽ പലതവണ ആക്ഷേപങ്ങൾക്ക് വിധേയരായ ഹാൻടെക്സ് ജീവനക്കാരായ വ്യക്തികളെ നിയമിക്കുന്നതിന് ഭരണസമിതി ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) നിലവിലുള്ള ഭരണസമിതി അധികാരമേറ്റശേഷം ഓരോ വർഷവും അന്യസംസ്ഥാനങ്ങളിൽനിന്നും എന്ത് ഇനത്തിൽ എത്ര തുകയുടെ ഉണിത്തരങ്ങൾ സംഭരിച്ചു ; സംഭരണത്തിന് നിയോഗിച്ച ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം എന്നിവ വ്യക്തമാക്കാമോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ച ഉണിത്തരങ്ങൾ ഹാൻലൂം ഹൗസ്, എൻ.എസ്.ഐ.സി. എന്നീ സ്ഥാപനങ്ങൾവഴി സംഭരിച്ച് പരിശോധന നിർവ്വഹിച്ച ഉദ്യോഗസ്ഥർ ആരാണ്; വ്യക്തമാക്കാമോ ;

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നും സംഭരിക്കുന്ന ഉണിത്തരങ്ങൾക്ക് വില നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്; വിശദീകരിക്കുമോ ?

ഉത്തരം

(എ) ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ഷേപങ്ങൾക്ക് വിധേയരായ ഹാന്റക്സ് ജീവനക്കാരായ വ്യക്തികളെ നിയമിക്കുന്നതിന് ഭരണസമിതി ശുപാർശ ചെയ്തിട്ടില്ല. ഹാന്റക്സിലെ മാനേജിംഗ് ഡയറക്ടർ നിയമനത്തിന് ഭരണസമിതിയുടെ ശുപാർശ ആവശ്യമില്ല.

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ച ഉണിത്തരങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	തുക(രൂപ)
2010-11(17-5-2010 മുതൽ 11-3-2011 വരെ)	87,32,243.90
2011-12(1-4-2011 മുതൽ 31-3-2012 വരെ)	4,71,33,946.60
2012-13(1-4-2012 മുതൽ 31-3-2013 വരെ)	4,83,98,114.10
2013-14(1-4-2013 മുതൽ 31-3-2014 വരെ)	3,87,86,050.60
2014-15(1-4-2014 മുതൽ 31-10-2014 വരെ)	6,53,45,474.50

LIBRARY ARCHIVES Kerala Legislative Assembly

മാർക്കറ്റിംഗ് വിഭാഗത്തിൽ ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരായിരുന്ന ശ്രീ. ടി. എം. ശങ്കരനും ഇടർന്ന് ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരുടെ ഇൻ-ചാർജ്ജ് ചുമതല വഹിച്ചിരുന്ന ശ്രീ.എസ്.വേണുഗോപാലനും ഇപ്പോൾ ടെക്നിക്കൽ സൂപ്പർവൈസർ ശ്രീ.കെ.മുരളികമാറുമാണ് അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇണിത്തരങ്ങൾ സംഭരിക്കുന്നതിന് നിയോഗിക്കപ്പെട്ടിരുന്നത്.

(സി) ഹാന്റ് ലൂം ഹൗസ്, എൻ.എസ്.ഐ.സി. എന്നീ കേന്ദ്രസ്ഥാപനങ്ങൾ വഴി സംഭരിക്കുന്ന ഇണിത്തരങ്ങൾ ഹാന്റക്സ് പ്രത്യേക പരിശോധന നടത്താറില്ല

(ഡി) ഹാന്റ് ലൂം ഹൗസ്, എൻ.എസ്.ഐ.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും സംഭരിക്കുന്ന ഇണിത്തരങ്ങളുടെ വിലയിൽ ഹാന്റക്സ് നിശ്ചിത ശതമാനം ലാഭം ചേർത്ത് വിൽപന വില നിശ്ചയിക്കുന്നു.

കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ

321 (661) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങൾ മുഖേന വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാകുന്ന സാഹചര്യത്തിൽ പഞ്ചായത്ത്/നഗര പ്രദേശങ്ങളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) അക്ഷയ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സേവനങ്ങൾക്കുള്ള ഫീസ് ഏകീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

<u>ഉത്തരം</u>

(എ) നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു പഞ്ചായത്തിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങൾവരെയും, മുനിസിപ്പാലിറ്റിയിൽ 6 വരെയും, കോർപ്പറേഷനിൽ കുടുംബങ്ങളുടെ എണ്ണം അനുസരിച്ചും, ആവശ്യപ്പെടുന്ന പ്രകാരം അക്ഷയ സെന്ററുകൾ അനുവദിച്ചുവരുന്നു. എന്നാൽ, രണ്ട് അക്ഷയ സെന്ററുകൾ തമ്മിലുള്ള അകലം 2km വേണം എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഓരോജില്ലയിലും ആവശ്യമായ സെന്ററുകൾ ഇടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) അക്ഷയ കേന്ദ്രങ്ങൾവഴി നല്കുന്ന സേവനങ്ങൾക്കുള്ള ഫീസ് ഏകീകരിച്ച് നല്കിയിട്ടുണ്ട്. ഫീസ് സംബന്ധിച്ച വിശദാംശങ്ങൾ അക്ഷയ സെന്ററുകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly